# കൃപാസനത്തിന് അടുത്തു ചെല്ലുക

എബ്രായർ 2:18

**"താൻ തന്നെ പരീക്ഷിതനായി കഷ്ടമനുഭവിച്ചിരിക്കയാൽ പരീക്ഷിക്കപ്പെടുന്നവരെ സഹായിപ്പാൻ കഴിവുള്ളവൻ ആകുന്നു."**

കഷ്ടതയും ദുരിതവും നിറഞ്ഞ ഈ ലോകത്തിൽ ജീവിക്കുന്ന ഒരു വിശ്വാസിയുടെ ജീവിതത്തിനു പ്രത്യാശ തരുന്ന ഒരു വാക്യമാണിത്. പാപത്തിന്റെയും ദുരിതത്തിന്റെയും അധീനതയിൽ കഴിഞ്ഞ മനുഷ്യപുത്രരെ ദൈവമക്കളായി മാറ്റാനാണ് ദൈവപുത്രനായ യേശു മനുഷ്യപുത്രനായി ഭൂമിയിൽ അവതരിച്ചത്. ദൈവപുത്രന്റെ കഷ്ടാനുഭവം വഴിയല്ലാതെ ദൈവത്തിന് പാപിയോട് കരുണ കാണിക്കാൻ കഴിയില്ലായിരുന്നു. താൻ ഭൂമിയിലായിരുന്നപ്പോൾ ഒരു മനുഷ്യായുസ്സിൽ അനുഭവിച്ചുതീർക്കാവുന്നതിലധികം കഷ്ടതയിലൂടെ അവൻ കടന്നുപോയി. നമ്മുടെ ഓരോരുത്തരുടെ പാപങ്ങൾക്കുവേണ്ടി അവൻ മരിച്ചു. അവന്റെ മരണംമൂലം മരണത്തിന്റെ അധികാരത്തിൽ നിന്നും അവൻ നമ്മെ സ്വതന്ത്രരാക്കി. നമ്മെ ദൈവത്തോടു നിരപ്പിക്കാൻ ക്രൂശുമരണത്തിലൂടെ കർത്താവിനു കഴിഞ്ഞു. അവൻ ഉയർത്തെഴുന്നേറ്റ് മഹാപുരോഹിതനായി സ്വർഗ്ഗത്തിലേക്ക് മടങ്ങിപ്പോയതിനാൽ തന്നെ നമ്മുടെ പ്രതിനിധി ആയി ദൈവമുമ്പാകെ നമുക്കുവേണ്ടി നിരന്തരം മദ്ധ്യസ്ഥത ചെയ്യുന്നു.

അതിനാൽ പ്രിയരെ, ക്ഷണികമായ ഈ ലോകത്തിലെ കഷ്ടങ്ങൾ നമ്മെ ഞെരുക്കുമ്പോൾ ക്രൂശിൽ മരിച്ചുയർത്തെഴുന്നേറ്റ യേശുവിനെ ശ്രദ്ധിച്ചു നോക്കുക. അവൻ നമ്മെ വിശ്വാസത്തിൽ ഉറപ്പിക്കുകയും, നമ്മുടെ പ്രത്യാശ പൂർണ്ണമാക്കുകയും ചെയ്യും. നമ്മുടെ ക്ഷണികമായ ജീവിതത്തിൽ വരുന്ന കഷ്ടങ്ങളും, ദുരിതങ്ങളും, പ്രതിസന്ധികളും ഒന്നും നമ്മുടെ നിത്യതയോട് തുലനം ചെയ്യാൻ സാധിക്കയില്ല. നിത്യജീവൻ പ്രദാനം ചെയ്യുന്ന നമ്മുടെ കർത്താവിന്റെ വരവിൽ ചേർക്കപ്പെടാൻ പ്രത്യാശയോടെ നമുക്ക് ജീവിക്കാം. കഷ്ടങ്ങളിൽ നമുക്ക് പരീക്ഷിതനായി കഷ്ടമനുഭവിച്ച കർത്താവിന്റെ മുഖത്തേക്ക് നോക്കാം.

ലോകം തരാത്ത സമാധാനവും, സ്നേഹവും കർത്താവിനു മാത്രമേ തരാൻ സാധിക്കുകയുള്ളു. കാരണം അവൻ അനന്ത നന്മയാണ്. ഉപാധികളില്ലാതെ നമ്മെ സ്നേഹിക്കുന്ന കർത്താവിന്റെ കരങ്ങളിലേക്ക് നമ്മുടെ ജീവിതങ്ങളെ ഏൽപ്പിക്കാം. അവൻ മനസ്സലിവുള്ളവനാണ്. അതുകൊണ്ട് (എബ്രായർ 4:16) കരുണ ലഭിപ്പാനും, തൽസമയത്തു സഹായത്തിനുള്ള കൃപ പ്രാപിക്കുവാനുമായി നാം ധൈര്യത്തോടെ കൃപാസനത്തിന് അടുത്തു ചെല്ലുക. ദൈവത്തിന്റെ ആത്മാവ് അതിനായി നമ്മെ ശക്തരാക്കട്ടെ.

പരാമർശം:

എബ്രായർ 4:15,16

നമുക്കുള്ള മഹാപുരോഹിതൻ നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ കഴിയാത്തവനല്ല; പാപം ഒഴികെ സർവ്വത്തിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെട്ടവനത്രേ നമുക്കുള്ളതു. അതുകൊണ്ടു കരുണ ലഭിപ്പാനും തത്സമയത്തു സഹായത്തിന്നുള്ള കൃപ പ്രാപിപ്പാനുമായി നാം ധൈര്യത്തോടെ കൃപാസനത്തിന്നു അടുത്തു ചെല്ലുക.

## സിസ്റ്റർ ബിൻസി ജോബി ചങ്ങനാശ്ശേരി 021